## പാഠം – 7

## മത്തായി 24–ും 25–ും

**ശബ്ബത്ത് സായാഹ്നം** **മെയ് 12**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** മത്താ. 24:1–25, വെളി.13:11–17, മത്താ. 7:24–27, ലൂക്കൊ. 21:20, മത്താ. 25:1–30, 2 രാജ. 23:13.

**മനഃപാഠവാക്യം: "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും" (മത്താ. 24:24).**

മത്തായി 24, 25–ൽ യേശു അന്ത്യകാലത്തെക്കുറിച്ച് സുപ്രധാന സത്യങ്ങൾ വെളിപ്പെടുത്തി, എങ്ങനെ തയ്യാറെടുക്കണമെന്ന് പഠിപ്പിക്കുന്നു. ഒരർത്ഥത്തിൽ, ഈ അദ്ധ്യായങ്ങൾ അന്ത്യകാല സംഭവങ്ങളെക്കുറിച്ചുള്ള യേശുവിന്റെ പഠിപ്പിക്കലുകളാണ്. അതേസമയം തന്നെ, സമീപഭാവിയെ കണ്ടുകൊണ്ട്, ജറുസലെമിന്റെ ആസന്നമായ തകർച്ചയെക്കുറിച്ചും ജനത്തിന്റെ ആകസ്മികമായ ദാരുണാന്ത്യത്തെക്കുറിച്ചും സൂചിപ്പിക്കുന്നു.

എന്നാൽ ശിഷ്യരോടുള്ള വാക്കുകളിൽ, വരും തലമുറ ശിഷ്യരോടും സംസാരിക്കുന്നു. വിശിഷ്യ യേശുവിന്റെ രണ്ടാം വരവിങ്കൽ ജീവനോടിരിക്കുന്ന അവസാന ശിഷ്യനും കൂടി വേണ്ടിയാണ് പറയുന്നത്. യേശു നയനമനോഹരമായ കാഴ്ചയല്ല അവതരിപ്പിക്കുന്നത്. യുദ്ധങ്ങൾ, യുദ്ധശ്രുതികൾ, സാംക്രമികരോഗങ്ങൾ, വ്യാജക്രിസ്തുമാർ, പീഡനം അങ്ങനെയാണ് ലോകത്തിന്റെയും സഭയുടെയും ഗതി. ഭൂതകാലം നോക്കിയാൽ യേശുവിന്റെ പ്രവചനങ്ങൾ എത്രമാത്രം കൃത്യമായിരുന്നുവെന്ന് ആശ്ചര്യപൂർവ്വം മനസ്സിലാക്കാം. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ പൂർത്തിയാവാത്ത പ്രവചനങ്ങളും നിറവേറുമെന്നതിന് അവനെ വിശ്വസിക്കാം.

മുന്നറിയിപ്പ് മാത്രമല്ല യേശു നൽകിയത്, "മനുഷ്യപുത്രന്റെ" രണ്ടാം വരവിനായി എങ്ങനെ ഒരുങ്ങാമെന്ന് മത്തായി 25–ൽ ഉപമകളിലൂടെ സംസാരിച്ചു. ശരിയാണ്, ദുർഘട സമയങ്ങൾ വരും, എന്നാൽ മടങ്ങിവരവിൽ കൂടിക്കാണുവാൻ തക്കവിധം തന്റെ ജനത്തെ അവൻ തയ്യാറാക്കും.

☞ *ഈയാഴ്ചയിലെ പാഠം പഠിച്ച് മെയ് 19–ലെ ശബ്ബത്തിനായി ഒരുങ്ങുക.*

**ഞായർ** **മെയ് 13**

### പ്രവചനത്തിന്റെ ശക്തമായ ഉറപ്പിക്കൽ

കുരിശുമരണത്തിനു മുമ്പ്, ഒലിവുമലമുകളിൽ ശിഷ്യന്മാർ യേശുവിനോട് സംസാരിച്ചു. ദേവാലയം തകർക്കപ്പെടുമെന്ന് പറയുന്നത് കേട്ട

അവരെക്കുറിച്ച് ഒന്ന് ചിന്തിച്ചു നോക്കുക. അവരുടെ മനസ്സിൽ എന്തായിരുന്നുവെന്ന് ആർക്കറിയാം. എന്നാൽ തുടർന്ന് അവർ ചോദിച്ച ചോദ്യം ദേവാലയ തകർച്ചയെ "ലോകാവസാനത്തോട്" ബന്ധപ്പെടുത്തിയുള്ളത് ആയിരുന്നുവെന്ന് കാണാം (മത്താ. 24:3).

**മത്തായി 24:1-25 വായിക്കുക. മൊത്തത്തിൽ, അവസാന നാളുകളെക്കുറിച്ച് യേശു, ശിഷ്യന്മാർക്ക് എന്ത് സന്ദേശമാണ് നൽകുന്നത്?**

അന്ത്യനാളുകളിൽ ജനത്തെ കബളിപ്പിക്കുന്ന വഞ്ചനകളെക്കുറിച്ചും യേശു ഉത്കണ്ഠപ്പെട്ടിരുന്നുവെന്ന് മത്തായി 24:1-25 വരെയുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. ആ ചതികളിൽ വ്യാജക്രിസ്തുമാരും വ്യാജപ്രവാചകരും ഉൾപ്പെടുന്നു. ചിലർ യേശുവിനെ പ്രതിനിധാനം ചെയ്തു വരും (വ്യാജ പ്രവാചകർ), ചിലർ യേശുവാണെന്നു അവകാശപ്പെടും. അതിദാരുണമെന്തെന്നാൽ ജനം അവരെയും വിശ്വസിക്കും.

ദൈവവചനത്തിന്റെ സങ്കടപ്പെടുത്തുന്ന പക്ഷേ ശക്തമായ ഒരു താക്കീത് നമ്മൾ കാണുന്നു. ചരിത്രത്തിലുടനീളം നമ്മുടെ കാലത്തും വഞ്ചകർ "ഞാൻ ക്രിസ്തുവാണ്" എന്നവകാശപ്പെട്ട് വന്നിട്ടുണ്ട്. എത്ര അസാമാന്യ പ്രവചനം! നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിൽ നിന്ന്, ചരിത്ര താളുകളെ പരിശോധിച്ചാൽ (ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്നവർക്ക് ഒരുപക്ഷേ അതിനാവില്ല) എത്ര കിറുകൃത്യമാണ് ഈ പ്രവചനം എന്നു കാണാനാകും. അന്ത്യകാല പ്രതിസന്ധികളോട് അടുക്കുന്തോറും ഇത്തരം വഞ്ചനകൾ പെരുകിയാൽ നമ്മൾ അമ്പരക്കേണ്ടതില്ല.

വിശ്വാസം ഉറപ്പിക്കുന്ന കാര്യത്തിലും, യേശു ലോകത്തിന്റെ സ്ഥിതി വിവരിക്കുന്നത് എങ്ങനെ. ക്രിസ്തുവിനു ശേഷം ഭൗമ ചരിത്രത്തിൽ പലപ്പോഴും ജനത്തിന്റെ ബുദ്ധിമുട്ടുകളും മാനുഷിക ക്ലേശങ്ങളും പാടേ മാറ്റുമെന്നോ കുറയ്ക്കുമെന്നോ കരുതിയ പല കാര്യങ്ങളിലും ജനം വിശ്വാസമർപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങളോ സാങ്കേതിക വിദ്യയോ ശാസ്ത്രമോ യുക്തിവാദമോ എന്തുമാകട്ടെ ഇവയൊക്കെ ഒരുനാൾ ഭൂമിയെ ഒരു സങ്കൽപസുന്ദര സ്വർഗ്ഗമാക്കി തീർക്കുമെന്ന് പലപ്പോഴും അവർ വിശ്വസിച്ചു. എന്നാൽ ചരിത്രത്തിന്റെ നൊമ്പരപ്പെടുത്തുന്ന സാക്ഷ്യമെന്നോണം ഈ പ്രത്യാശകളൊക്കെയും തെറ്റായിപ്പോയെന്ന് വീണ്ടും വീണ്ടും കാട്ടിത്തന്നു. ലോകം ഇന്ന് യേശു പറഞ്ഞ അതേ പ്രകാരം തന്നെയാണ്. ആ പ്രത്യാശകളൊക്കെയും എത്രമാത്രം വഴിതെറ്റിക്കുന്നതായിരുന്നുവെന്ന് രണ്ടായിരം വർഷം മുമ്പ് യേശു പറഞ്ഞ വാക്കുകൾ കാണിക്കുന്നു.

**മത്തായി 24:24 വായിക്കുക. നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കുന്ന എന്താണ് ഈ വാക്യത്തിലുള്ളത്?**

**തിങ്കൾ** **മെയ് 14**

## അവസാനത്തോളം ഈടുനിൽക്കാൻ

**മത്തായി 24:9 ഉം വെളിപ്പാട് 13:11-17 ഉം വായിക്കുക. മത്തായിയുടെ സുവിശേഷത്തിൽ യേശു പറഞ്ഞതും വെളിപ്പാടിൽ എഴുതുവാൻ യോഹന്നാനെ പ്രേരിപ്പിച്ചതും തമ്മിൽ എന്ത് സമാനതകളാണുള്ളത്?**

സത്യവിശ്വാസം ത്യജിച്ച് തെറ്റായ ആരാധന ലോകത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ആഗോള വഞ്ചനയും അന്ത്യകാലത്ത് ജനത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ആകുലതകളിൽ ഉൾപ്പെട്ടിരുന്നു. ഉറച്ചു നിൽക്കുന്നവരാകട്ടെ പകയും ഉപദ്രവവും മരണവും നേരിടും.

**മത്തായി 24:13 വായിക്കുക. ലോകവ്യാപകമായ എതിർപ്പിനിടയിലും രക്ഷിക്കപ്പെടുക അല്ലെങ്കിൽ വിശ്വസ്തരായിരിക്കുക എന്നതിന്റെ അടിസ്ഥാനമെന്താണ്?**

"മറ്റാരുമല്ല, മറിച്ച് ബൈബിൾ സത്യങ്ങളാൽ മനസ്സിനെ ബലപ്പെടുത്തിയവർ മാത്രമേ അന്തിമ പോരാട്ടത്തോളം നിലനിൽക്കൂ." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 493, 494.* വചന സത്യങ്ങളാൽ മനസ്സിനെ ശക്തിപ്പെടുത്തുന്നവർ അന്ത്യകാല വഞ്ചനകളുടെ കുത്തൊഴുക്കിൽ പെട്ടുപോകയില്ലെന്ന് ഈ പ്രസ്താവന അർത്ഥമാക്കുന്നത്.

**മത്തായി 7:24-27 വായിക്കുക. ദൈവത്തോട് വിശ്വസ്തത പുലർത്തണമെങ്കിൽ മറ്റെന്താണ് നിർണ്ണായകം?**

വചനവേരിലൂന്നിയ അറിവ് പ്രധാനമെങ്കിലും അത് മാത്രം മതിയാവില്ല അന്ത്യകാല പ്രശ്നങ്ങളെ നേരിടാനെന്നാണ് യേശുവിന്റെ പക്ഷം. പഠിച്ചത് പ്രവർത്തിക്കുകയും വേണം. അതായത് യേശുവിനെപ്പോലെ സത്യം അനുസരിക്കണം. മേൽപ്പറഞ്ഞ ഉപമയിൽ രണ്ട് നിർമ്മാതാക്കളും യേശുവിന്റെ പാഠങ്ങൾ ശ്രവിച്ചിരുന്നു. അവർ തമ്മിലുള്ള വ്യത്യാസം, അതായത് ഈടുനിൽക്കലും നിൽക്കാതിരിക്കലും തമ്മിലുള്ള വ്യത്യാസം, യേശുവിന്റെ പഠിപ്പിക്കലുകൾ അനുസരിക്കുന്നതിനെ ആശ്രയിച്ചിരുന്നു.

**അനുസരിച്ചവൻ നിലനിന്നു, അനുസരിക്കാത്തവൻ നിലംപതിച്ചു, എന്തുകൊണ്ട്? ഒരുവനെ വിശ്വാസത്തിൽ സ്ഥിരതയുള്ളവനാക്കുന്നതിൽ അനുസരണത്തിന്റെ പങ്കെന്ത്?**

**ചൊവ്വ** **മെയ് 15**

## "ശൂന്യമാക്കുന്ന മ്ലേച്ഛത"

അന്ത്യകാലത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ശ്രേഷ്ഠ പ്രസംഗത്തിൽ, ദാനീയേൽ പുസ്തകത്തിലെ പ്രതിബിംബമായ "ശൂന്യമാക്കുന്ന മ്ലേച്ഛതയെക്കുറിച്ച്" (മത്താ. 24:15), (ദാനീ. 9:27, 11:31, 12:11), പറയുന്നു.

കൽപനയുടെ കടുത്ത ലംഘനമായ, അതായത് വിഗ്രഹാരാധന (ആവ. 27:15), അസാന്മാർഗ്ഗിക ലൈംഗിക രീതികൾ (ലേവ്യ. 18:22) എന്നിവയെ ദൈവം "മ്ലേച്ഛമായി" പ്രഖ്യാപിച്ചു. ആയതിനാൽ ഈ "ശൂന്യമാക്കുന്ന മ്ലേച്ഛത" ചില സ്വധർമ്മപരിത്യാഗവും ഉൾപ്പെടുന്നു.

**മത്തായി 24:15-ഉം ലൂക്കോസ് 21:20-ഉം വായിക്കുക. "ശൂന്യമാക്കുന്ന മ്ലേച്ഛതയെക്കുറിച്ച്" യേശു പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ ഈ വാക്യങ്ങൾ എങ്ങനെ സഹായിക്കും?**

സമീപഭാവിയിൽ അതായത് എ.ഡി. 70-ൽ സംഭവിക്കാനിരുന്ന, യെരുശലേമിന്റെ നാശവും യേശുവിന്റെ പ്രവചനത്തിൽ ഉൾപ്പെടുമെന്ന് ഇരുവാക്യങ്ങളും വ്യക്തമാക്കുന്നു. വിഗ്രഹാരാധികളായ റോമാ സാമ്രാജ്യം യെരുശലേം നഗരവും ദേവാലയവും തകർക്കുമെന്നായിരുന്നു ആ പ്രവചനം.

എന്നിരുന്നാലും, ഒരു രണ്ടാം ഘട്ട നിറവേറൽ കൂടി ഈ പ്രവചനത്തിനുണ്ട്. അടുത്ത് സംഭവിക്കാനിരുന്ന യെരുശലേം ദേവാലയത്തിന്റെ നാശം അന്ത്യകാല സംഭവങ്ങളുടെ പ്രതീകമായിരുന്നു. "ദൈവീക അന്ത്യന്യായവിധിയിലേക്ക് അതിവേഗം നീങ്ങുന്ന, അവിശ്വാസത്താലും അതിക്രമത്താലും കഠിനമായ, ലോക പ്രതിരൂപമാണ് ക്രിസ്തു യെരുശലേമിൽ കണ്ടത്." - *എലൻ ജി. വൈറ്റ്, "ദി ഗ്രേറ്റ് കോൺട്രോവേഴ്സി", പേജ് 22.*

ദാനീയേൽ 12:11-ലും 11:31-ലും "ശൂന്യമാക്കുന്ന മ്ലേച്ഛത" പ്രത്യക്ഷപ്പെടുന്നത് റോമാ സാമ്രാജ്യത്തിന്റെ രണ്ടാം ഘട്ടത്തിൽ, അതായത് പാപാത്വ കാലത്താണ്. അവിടെ മാദ്ധ്യസ്ഥത്തിനും രക്ഷയ്ക്കും സമാന്തര മാർഗ്ഗം പടുത്തുയർത്തിയിരിക്കയാണ്. ക്രിസ്തു നമുക്കുവേണ്ടി ചെയ്തതും ഇപ്പോൾ സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ ചെയ്യുന്നതും തച്ചുടയ്ക്കുന്ന ഒന്ന്.

ദാനീയേൽ 8, പ്രധാനമായും 9-12 വരെയുള്ള വാക്യങ്ങൾ, റോമാ സാമ്രാജ്യ ചരിത്ര പശ്ചാത്തലത്തിൽ ഈ സംഭവങ്ങളെ രണ്ടു ഘട്ടങ്ങളിലായി സ്ഥാപിക്കുവാൻ സഹായിക്കുന്നു. ചെറിയ കൊമ്പ് ചക്രവാള സീമകളോളം പെട്ടെന്നു സമാന്തരമായി വളർന്നു (ദാനീ. 8:9). ഇവിടെ കാണുന്ന വിഗ്രഹാരാധികളുടെ അതിവിശാലമായ റോമാ സാമ്രാജ്യം ആണ് ആദ്യ ഘട്ടം. രണ്ടാം ഘട്ടത്തിൽ (ദാനീ. 8:10-12), ചെറിയ കൊമ്പിന്റെ ലംബമായ വളർച്ച കാണാം. ചില നക്ഷത്രങ്ങളെ താഴെയെറിഞ്ഞുകൊണ്ട് (ദൈവജനത്തെ പീഡിപ്പിച്ചുകൊണ്ട്), സ്വയം യേശുവിനോളം, "സൈന്യത്തിന്റെ അധിപതിയോളം" (ദാനീ. 8:11) വലുതാക്കി. ഇത് പാപാത്വ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. വിഗ്രഹാരാധന നിറഞ്ഞ റോമാ സാമ്രാജ്യം തകർന്നു. അതിൽ നിന്നുയർന്നു വന്നതെങ്കിലും റോം എന്നു തന്നെ ഇന്നും

അറിയപ്പെടുന്നു. (അതുകൊണ്ടാണ്, ചെറിയ കൊമ്പ്, ഒരേ ശക്തിയുടെ തന്നെ രണ്ട് ഘട്ടങ്ങളെ കാണിക്കുന്നത്). ദാനീയേൽ 7:9, 10-ലെ ന്യായവിധി, ദാനീയേൽ 8:14-ലെ സമാഗമന കൂടാര ശുദ്ധീകരണം, മത്തായി 24:29-ലെ ആകാശത്തിലെ അടയാളങ്ങൾ എല്ലാം ജനത്തിനായുള്ള ദൈവത്തിന്റെ അന്ത്യകാല ഇടപെടലുകളാണ്.

**ബുധൻ** **മെയ് 16**

## പത്തു കന്യകമാർ

മത്തായി 24-ലെ രണ്ടാം വരവിനെക്കുറിച്ച് അടയാളങ്ങളുടെ പ്രഭാഷണത്തിനു ശേഷം, മത്തായി 25-ൽ അതിനായി ഒരുങ്ങുന്നതെങ്ങനെ എന്ന് യേശു പറയുന്നു.

**മത്തായി 25:1–13 വരെ, പത്തുകന്യകമാരുടെ ഉപമ വായിക്കുക. വീണ്ടും വരവിന് തയ്യാറെടുക്കാൻ സഹായിക്കുന്ന എന്തൊക്കെ യേശു പറയുന്നു?**

പത്തു കന്യകമാരുടെ കഥയിലൂടെ യേശു ഈ ഘട്ടത്തിലെ പ്രസംഗം ആരംഭിക്കുന്നു. ക്രിസ്ത്യാനികളെന്ന് പ്രഖ്യാപിക്കുന്നവരെ സൂചിപ്പിക്കുവാനാണ് "കന്യകമാർ" എന്ന് വിളിച്ചിരിക്കുന്നത്. അവർ വൻവിവാദത്തിൽ സാത്താന്റെ പക്ഷത്തായിരുന്നില്ല. അവരെ സ്വർഗ്ഗരാജ്യത്തെ എതിരേൽപാൻ തയ്യാറായി നിൽക്കുന്നവരോട് ഉപമിച്ചിരിക്കുന്നു (മത്താ. 25:1). പക്ഷെ, അവസാന സമയത്ത് അവരെല്ലാം ഉറങ്ങി (മത്താ. 25:5). തന്റെ വീണ്ടും വരവിൽ തയ്യാറെടുപ്പില്ലാതാവാൻ ഇടയാക്കാതെ ഉണർന്ന് ഇരിക്കുവാൻ ക്രിസ്തു മുന്നറിയിപ്പു നൽകിയിരുന്നു (മത്താ. 24:42).

പത്തു കന്യകമാർക്കും വിളക്കുണ്ടായിരുന്നു. എല്ലാവരും മണവാളനെ കാണുവാൻ പുറപ്പെട്ടു. അവരെല്ലാവരും അവന്റെ വീണ്ടും വരവ് പാർത്തിരിക്കുകയായിരുന്നു. അതിന് താമസം നേരിട്ടു. അവന്റെ വരവിങ്കൽ വിശ്വാസികളെല്ലാവരും ഉറങ്ങിപ്പോയി. പൊടുന്നനെ, രാത്രിയുടെ നിശ്ചല യാമങ്ങളിൽ അവരെയെല്ലാം എഴുന്നേൽപിച്ചു : ഇതാ മണവാളൻ വരുന്നു (മത്താ. 25:1–6).

ഒരുക്കമില്ലാതിരുന്ന, ബുദ്ധിയില്ലാത്ത കന്യകമാർ അമ്പരന്നു. എന്തുകൊണ്ട്? ഒരു പരിഭാഷ ഇങ്ങനെയാണ്, "ഞങ്ങളുടെ വിളക്ക് കെട്ടുപോയി" (മത്താ. 25:8). ഗ്രീക്ക് തനത് കൃതിയോട് ചേർന്നു നിൽക്കുന്ന മറ്റൊന്നിൽ പറയുന്നു വിളക്കുകൾ "അണഞ്ഞു പോകുന്നു". അവിടെ ഒരു നേർത്ത തിരിനാളം അവശേഷിച്ചിരുന്നു. ഒരൽപം എണ്ണയുണ്ടായിരുന്നു. എന്നാലോ യേശുവിനെ കണ്ടുമുട്ടുവാൻ ആവശ്യമായത്രയും അവശേഷിച്ചിരുന്നില്ല.

പിന്നെ, പ്രശ്നം എന്ത്? വീണ്ടും വരവിനായി കാത്തിരിക്കുന്നവരെങ്കിലും, ക്രിസ്തുവുമായി വെറും ഉപരിപ്ലവ അനുഭവം മാത്രമുള്ള ക്രിസ്ത്യാനികളെ

ഈ കന്യകമാർ പ്രതിനിധീകരിക്കുന്നു. അവർക്ക് അൽപം എണ്ണയുണ്ട്. ആത്മാവിന്റെ നേരിയ പ്രവർത്തനമൊക്കെ അവരുടെ ജീവിതത്തിലുണ്ട്. അതാകട്ടെ കരിന്തിരി കത്തുന്നു. അധികം ആവശ്യമായിരുന്നപ്പോൾ അവരൊക്കെ കൈവശമുള്ള അൽപത്തിൽ തൃപ്തിപ്പെട്ടു.

"മനുഷ്യന്റെ ആഗ്രഹവും സമ്മതവും അനുസരിച്ച് അവനിൽ ഒരു പുതിയ സ്വഭാവം സൃഷ്ടിച്ച് ആത്മാവ് ഹൃദയത്തിൽ പ്രവർത്തിക്കുന്നു. എന്നാലോ ബുദ്ധിശൂന്യരായ കന്യകമാർ പ്രതിനിധാനം ചെയ്യുന്നവരാകട്ടെ വെറും ഉപരിപ്ലവമായ ആത്മപ്രവർത്തനത്തിൽ തൃപ്തരാകുന്നു. അവർ ദൈവത്തെ അറിയുന്നില്ല. അവന്റെ സ്വഭാവം പഠിച്ചിട്ടില്ല. അവനുമായി ഹൃദയസംവാദം നടത്തിയിട്ടില്ല. അതുകൊണ്ട് അവർക്ക് എങ്ങനെ വിശ്വസിക്കണമെന്നോ, എന്തു നോക്കി ജീവിക്കണമെന്നോ അറിയില്ല. ദൈവത്തോടുള്ള കടമകൾ വെറുമൊരു ചടങ്ങുമാത്രമായി മാറുന്നു." - *എലൻ ജി. വൈറ്റ്, "ക്രൈസ്റ്റ്സ് ഒബ്ജക്റ്റ് ലെസ്സൺസ്", പേജ് 411.*

**സ്വയം നോക്കുക, അവർ ചെയ്ത അതേ തെറ്റ് നമ്മളും ചെയ്യുന്നില്ലെന്ന് എങ്ങനെ ഉറപ്പുവരുത്താം? അവരുടെ വേഷത്തിലാണ് നമ്മൾ എങ്കിൽ എങ്ങനെ മാറ്റം സാധ്യമാകും?**

**വ്യാഴം** **മെയ് 17**

### താലന്തുകളെ ഉപയോഗപ്പെടുത്തുക

**മത്തായി 25:13-30 വായിക്കുക. ക്രിസ്തുവിന്റെ വീണ്ടും വരവിന് ഒരുങ്ങാൻ താലന്തുകളുടെ പങ്കെന്ത്?**

മുൻപറഞ്ഞതിൽ നിന്നും ഒരു വ്യത്യസ്ത ഉപമ യേശു ഇവിടെ പറയുന്നു. എങ്കിലും രണ്ടും സൂചിപ്പിക്കുന്നത്, ക്രിസ്തുവിന്റെ വീണ്ടും വരവിന് ഒരുങ്ങുന്നതിനെക്കുറിച്ചാണ്. ഒരുങ്ങിയവരെയും അല്ലാത്തവരെയും രണ്ടിടത്തും പ്രതിപാദിക്കുകന്നു. സ്വന്തം ആത്മീയ അലംഭാവം നിമിത്തം നിത്യത നഷ്ടപ്പെടുത്തിയവരുടെ വിധി രണ്ടുപമകളും കാണിച്ചു തരുന്നു.

പത്തുകന്യകമാരുടെ ഉപമയിൽ എണ്ണ പരിശുദ്ധാത്മാവിനെ പ്രതിനിധാനം ചെയ്യുന്നതുപോലെ "കിഴി" അല്ലെങ്കിൽ "സ്വർണ്ണക്കിഴി" (മത്തായി 25:15) താലന്തുകളെ അഥവാ കഴിവുകളെ പ്രതിനിധീകരിക്കുന്നു. തനിമൊഴിയായ ഗ്രീക്കിൽ *'ടാലന്റ്'* എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "എല്ലാ സ്വാഭാവിക ദാനങ്ങളോടുമൊപ്പം, താലന്തുകൾ ആത്മാവിന്റെ പ്രത്യേക കൃപാവരങ്ങളെ സൂചിപ്പിക്കുന്നു." - *"ദി എസ്ഡിഎ ബൈബിൾ കമന്ററി", വാല്യം 5, പേജ് 510.*

ഉപമയിലെ എല്ലാ സേവകർക്കും യജമാനനിൽ നിന്ന് നന്മ ലഭിച്ചിരുന്നു. ഒന്നുകൂടി ശ്രദ്ധിക്കുക, യജമാനന്റെ സമ്പത്ത് (മത്താ. 25:14),

"ഓരോരുത്തന്നു അവനവന്റെ പ്രാപ്തി പോലെ കൊടുത്തു" (മത്താ. 25:15). താലന്തുകൾ നൽകപ്പെട്ടത് ഒരു വിശ്വാസത്തിലാണ്; യഥാർത്ഥത്തിൽ ഇവ സേവകരുടെ സ്വന്തമായിരുന്നില്ല. അവർ ഉത്തരവാദിത്തമുള്ള മേൽനോട്ട ക്കാരായിരുന്നു. അതുകൊണ്ടാണ് യജമാനൻ മടങ്ങി വന്നപ്പോൾ "അവരുമായി കണക്കുകൾ തീർത്തത്" (മത്താ. 25:19).

ആത്മീയ കൃപാവരങ്ങൾ പരിശുദ്ധാത്മാവിൽ നിന്നു വരുന്നു (കാണുക 1 കൊരി. 12:1-11, 28-31; എഫേ. 4:11). യാതൊരു കൃപാവരങ്ങളുമില്ലെന്ന് കരുതുന്നവർക്ക് സദ്വാർത്തയുണ്ട്. ഒരു ദാതാവില്ലാതെ സമ്മാനങ്ങൾ ഒരി ക്കലും ലഭിക്കുന്നില്ല. അതുകൊണ്ട് കൃപാവരങ്ങൾ നേടുന്നത് ഏറ്റവും വലിയ കൃപാദാനമായ പരിശുദ്ധാത്മാവിനെ നേടുന്നതിലൂടെയാണ്.

കൃപാവരങ്ങളെല്ലാം എപ്പോഴേ ക്രിസ്തുവിൽ നമ്മുടേതാണ്. എന്നാൽ അതിന്റെ യഥാർത്ഥ കൈവശാവകാശം ലഭിക്കുന്നത് പരിശുദ്ധാത്മാവിനെ സ്വീകരിച്ച് അവനു കീഴടങ്ങുമ്പോഴാണ്. ഇവിടെയാണ് ലാഭമൊന്നുമുണ്ടാ ക്കാതിരുന്ന സേവകൻ ചെയ്ത തെറ്റ്. അവന് ഒരു താലന്തു നൽകിയി രുന്നു, പക്ഷെ അതുകൊണ്ട് യാതൊന്നും ചെയ്തില്ല. ലഭിച്ച താലന്ത് അഭി വൃദ്ധിപ്പെടുത്തിയില്ല. കൃപയാൽ ദാനമായി നൽകപ്പെട്ടതുപയോഗിച്ച് എന്തെ ങ്കിലും ചെയ്യാനുള്ള യാതൊരു ശ്രമവും നടത്തിയില്ല. അതുകൊണ്ട് യേശു അവനെ "ദുഷ്ടനും മടിയനും" ആയവനെ (മത്താ. 25:26) എന്ന് ശക്തമായി കുറ്റം വിധിക്കുന്നു.

**യേശു ഈ ഉപമ പറഞ്ഞത് അന്ത്യനാളുകളെയും വീണ്ടും വരവി നെയും മുൻനിർത്തിയാണ്. അതിന് ഒരുങ്ങുവാൻ താലന്തുകൾ ഉപ യോഗിക്കുന്നതിന്റെ പ്രാധാന്യം എത്രമാത്രം ആണ് എന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു?**

**വെള്ളി** **മെയ് 18**

**കൂടുതൽ പഠനം:** "ഒന്നു ലഭിച്ചവനോ 'പോയി നിലത്തു ഒരു കുഴി കുഴിച്ചു യജമാനന്റെ ദ്രവ്യം മറച്ചുവെച്ചു.' "ഏറ്റവും ചെറുതു ലഭിച്ചവൻ താലന്തു മെച്ചപ്പെടുത്തിയില്ല. ക്രിസ്തുവിന്റെ വേലയിൽ നിന്ന് ഒഴിയുവാൻ തക്കവിധം, 'തങ്ങൾക്കൊന്നുമില്ലേ'! എന്ന് പറയുന്നവർക്കുള്ള മുന്നറി യിപ്പാണിത്. എന്തെങ്കിലുമൊരു വൻകാര്യം ചെയ്യുവാൻ ആയിരുന്നുവെ ങ്കിൽ, എത്ര സന്തോഷത്തോടെ അവരതേറ്റെടുക്കുമായിരുന്നു. എന്നാൽ ചെറുകാര്യങ്ങൾ മാത്രമേ ചെയ്യാനുള്ളൂ എന്നതിനാൽ ഒന്നും ചെയ്യേണ്ട തില്ല എന്ന് ഇക്കൂട്ടർ ന്യായീകരിക്കുന്നു. ഇവിടെ അവർക്ക് തെറ്റുന്നു. താലന്തുകൾ വിതരണം ചെയ്തപ്പോൾ സ്വഭാവമാണ് ദൈവം പരിശോധിച്ചത്. താലന്ത് മെച്ചപ്പെടുത്താതിരുന്ന സേവകൻ അവിശ്വസ്തൻ

ആണെന്ന് തെളിയിച്ചു. അവന് അഞ്ച് താലന്തു ലഭിച്ചിരുന്നുവെങ്കിലോ, ഒന്നു കുഴിച്ചിട്ടതുപോലെ അഞ്ചും കുഴിച്ചുമൂടുമായിരുന്നു. ഒരു താലന്തിന്റെ ദുരുപയോഗം സ്വർഗ്ഗീയ താലന്തുകളെ നിന്ദിക്കുന്നതിനു തുല്യം.

"അത്യൽപത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യൽപത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ" (ലൂക്കൊ. 16:10). ചെറിയ കാര്യങ്ങൾക്ക് പലപ്പോഴും പ്രാധാന്യം നൽകാറില്ല. കാരണം അവ ചെറുതാണ്. പക്ഷെ അവ പലപ്പോഴും ജീവിതത്തിന്റെ അടിത്തറയ്ക്ക് മുതൽക്കൂട്ടാകുന്നു. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അപ്രധാനമായ ഒന്നുമില്ല. ചെറിയ കാര്യങ്ങളുടെ പ്രാധാന്യത്തെ വില കുറച്ചു കണ്ടാൽ സ്വഭാവ രൂപീകരണം അപ്പാടെ അവതാളത്തിലാകും." - *എലൻ ജി. വൈറ്റ്, "ക്രൈസ്റ്റ്സ് ഒബ്ജക്റ്റ് ലെസൺസ്", പേജ് 355, 356.*

**ചർച്ച:**

1. **ഭൂമിയിൽ ഒരു ഉട്ടോപ്പിയൻ (സങ്കൽപ) സ്വർഗ്ഗം കൊണ്ടുവരുമെന്ന് ജനം കരുതിയ ആശയങ്ങളും ആദർശങ്ങളും ഏതൊക്കെ? അവയെല്ലാം പരാജയപ്പെട്ടത് എന്തുകൊണ്ട്?**
2. **വിശ്വാസം വർദ്ധിപ്പിക്കാൻ ദൈവം പറയുന്നതിനും അനുസരണ ത്തിനും തമ്മിൽ എന്ത് ബന്ധം? അതായത്, പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാകുന്നു** (യാക്കോബ് 2:26)? **"ദൈവകൽപന അനുസരിക്കുന്നവരെ"** (വെളി. 14:12), **കാത്തിരിക്കുന്ന പരീക്ഷകളെ ഓർക്കുമ്പോൾ, അപ്രതീക്ഷിത സമയത്ത് വരാനുള്ളതിനായി ഇപ്പോൾത്തന്നെ ഒരുങ്ങേണ്ടതിന്റെ പ്രാധാന്യം എന്താണ്?**
3. **പത്തു കന്യകമാരെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. അവരുടെ കഥ നമുക്കൊരു മുന്നറിയിപ്പാകുന്നതെന്തുകൊണ്ട്? അവർ എല്ലാവരും ഒരുപോലിരുന്നു, പ്രവർത്തിയും. ബുദ്ധിയില്ലാത്ത കന്യക മാരെപ്പോലെ നമ്മൾ സ്വയം വഞ്ചിതരാകില്ലെന്ന് എങ്ങനെ ഉറപ്പാക്കാം?**
4. **കഴിയുമെങ്കിൽ "വൃതന്മാരെയും" തെറ്റിക്കും, ഇതിന്റെ അർത്ഥമെന്ത്? "വൃതന്മാർ" എന്നതിനെ എങ്ങനെ മനസ്സിലാക്കുന്നു?** (കാണുക മത്താ. 24:31, റോമ. 8:33, കൊലോ. 3:12) **വഞ്ചനകൾ എത്ര വലുത് ആയിരിക്കുമെന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പറയുന്നു?**

****